File No.FWLD-A1/140/2017-FWLD

5502
16/3/18

## കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - കോളയാട് തടി ഡിപ്പോയിലെ തടിലേലത്തിലുണ്ടായ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ.എം.പി.പ്രഭാകരൻ, റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരായ അച്ചടക്ക നടപടി-സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം./109/2018/വനം** തീയതി, തിരുവനന്തപുരം, 05/03/2018

പരാമർശം:- (1) 15.07.2005 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-14712/05 നമ്പർ ഉത്തരവ്
(2) 10.11.2006 ലെ സ.ഉ.(സാധാ) നം. 471/2006/വനം ഉത്തരവ്
(3) 23.03.2015 ലെ സ.ഉ.(സാധാ) നം. 117/2015/വനം ഉത്തരവ്
4) 5.10.2017ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-14712/05 നമ്പർ കത്ത്

**ഉത്തരവ്**

കോളയാട് തടി ഡിപ്പോയിലെ തടിലേലത്തിലുണ്ടായ ക്രമക്കേടുമായി ബന്ധപ്പെട്ട് അന്ന് ഡെപ്യൂട്ടി റെയിഞ്ചാഫീസറായിരുന്ന ശ്രീ.എം.പി.പ്രഭാകരനെ പരാമർ ശം ( 1 ) പ്രകാരം സസ്പെന്റ് ചെയ്യുകയും പരാമർശം ( 2 ) പ്രകാരം തിരിച്ചെടുക്കുകയും ചെയ്തു.

2) പ്രസ്തുത വിഷയത്തിൽ ടിയാന് 15.09.2006 ൽ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാനിൽ നിന്നും 49,838/- രൂപ ഈടാക്കുന്നതിനും 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (VA) പ്രകാരം രണ്ട് ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ രണ്ട് വർഷത്തേയ്ക്ക് തടയുന്നതിനും പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തു.

3) ശ്രീ.എം.പി.പ്രഭാകരന്റെ സസ്പെൻഷൻ കാലയളവ് ടിയാൻ ആവശ്യപ്പെടുന്ന പക്ഷം അർഹതപ്പെട്ട അവധിയായി കണക്കാക്കുവാനും,

അല്ലാത്തപക്ഷം പെൻഷനു മാത്രം ഡ്യൂട്ടിയായി പരിഗണിക്കുന്നതിനും, മേൽ രണ്ട് സാഹചര്യത്തിലും ടിയാന്റെ ശമ്പളവും മറ്റ് അലവൻസും ഉപജീവന ബത്തയിൽ നിജപ്പെടുത്താവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (3) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.എം.പി.പ്രഭാകരൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറി (റിട്ട) നെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിരിക്കുന്നത് കഠിനശിക്ഷ നൽകി ആയതിനാൽ, ടിയാന്റെ 15.07.2005 മുതൽ 9.11.2006 വരെയുള്ള സസ്പെൻഷൻ കാലയളവ് പെൻഷനു മാത്രം ഡ്യൂട്ടിയായും, 10.11.2016 മുതൽ ജോലിയിൽ പുനഃപ്രവേശിച്ചതു വരെയുള്ള ഇടവേള കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 56 ബി (9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായോ അവധിയായോ ഇവ രണ്ടുമായോ കണക്കാക്കിയും ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അജിത് കെ ജോസഫ്**
**ജോയിൻറ് സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എം.പി.പ്രഭാകരൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(അഗ്രി - എ2/196/2017-ധന പ്രകാരം)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ